# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **1110** 12/06/2014-ൽ മറുപടിയ്ക്ക്

### ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഭൂരഹിതർക്ക് മൂന്ന് സെന്റ് വീതം ഭൂമി നൽകുന്ന പദ്ധതിയിൽ ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് ഇതുവരെ 354872 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) അപേക്ഷകരിൽ അർഹരായവരെ കണ്ടെത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്; | (ബി) താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.<br>1. അപേക്ഷകർ കേരള സംസ്ഥാനത്ത് ജനിച്ചവരും സ്ഥിരതാമസക്കാരുമായിരിക്കണം.<br>2. അപേക്ഷകനോ കുടുംബാംഗങ്ങൾക്കോ സംസ്ഥാനത്തിനകത്തോ പുറത്തോ സ്വന്തമായി ഭൂമി ഉണ്ടായിരിക്കരുത്.<br>3. അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം (എല്ലാ സ്രോതസ്സിൽ നിന്നും) 75,000/- (എഴുപത്തി അയ്യായിരം) രൂപയിൽ താഴെ ആയിരിക്കണം.<br>4. കുടുംബമെന്നത് ഭൂമി പതിവ് ചട്ടങ്ങളിൽ സൂചിപ്പിക്കുന്ന പ്രകാരം ഒരു വ്യക്തിയും അയാളുടെ ഭാര്യ/ഭർത്താവും, ആശ്രയിച്ചു കഴിയുന്ന മക്കൾ, മാതാപിതാക്കൾ എന്നിവർ ഉൾപ്പെട്ടതായിരിക്കണം.<br>5. കുടുംബനാഥനോ/കുടുംബനാഥയോ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുവാൻ പാടുള്ളു. |

6. പാരമ്പര്യമായ ഭൂമി ഭാവിയിൽ ലഭിക്കുവാൻ സാദ്ധ്യതയുള്ള അപേക്ഷകരെ പരിഗണിക്കേണ്ടതില്ല.

7. 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' പ്രഖ്യാപിച്ച 09-03-2012-ന് ശേഷം സ്വന്തം ഭൂമി കൈമാറ്റം ചെയ്തിട്ടുള്ള അപേക്ഷകരെ പരിഗണിക്കേണ്ടതില്ല.

| | | | |
|---|---|---|---|
| (സി) | ഇവർക്ക് വിതരണം ചെയ്യാനായി എത്ര ഭൂമി ഇതിനകം കണ്ടെത്തിയിട്ടുണ്ട്; | (സി) | ഗുണഭോക്താക്കൾക്ക് നൽകുന്നതിന് അനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികൾ തെരഞ്ഞെടുക്കുന്ന പ്രവർത്തനം ജില്ലകളിൽ നടന്നു വരുന്നു. കണ്ടെത്തുന്ന ഭൂമികളിൽ പൊതു ആവശ്യ ത്തിനുള്ളവ മാറ്റി വച്ച് 3 സെന്റ് പ്ലോട്ടുകളായി തിരിച്ചാണ് പദ്ധതിക്ക് ഉപയോഗ പ്പെടുത്തുന്നത്. കണ്ടെത്തിക്കഴിഞ്ഞ ഭൂമികളിലെ സർവ്വെ പ്രവർത്തനം കൂടി പൂർത്തിയായാൽ മാത്രമേ വിതരണം ചെയ്യാനുള്ള ഭൂമികളുടെ കൃത്യമായ വിസ്തീർണ്ണം ലഭ്യമാ കുകയുള്ളൂ. ഒന്നാം ഘട്ടമായി 36,491/- പേർക്ക് നൽകാനാവശ്യമായ ഭൂമി ലഭി ച്ചിട്ടുണ്ടായിരുന്നു. |
| (ഡി) | ബാക്കി ഭൂമി എങ്ങനെ കണ്ടെത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) | പദ്ധതിക്ക് അനുയോജ്യമായ വിവിധ തരം സർക്കാർ ഭൂമികൾ ലഭ്യമാണ്. വിവിധ തരം സർക്കാർ ഭൂമികൾ പൂർണ്ണമായും കണ്ടെത്തിയും, മറ്റ് വകുപ്പുകളുടെ കൈവശത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും പദ്ധതിക്ക് വേണ്ടി സ്വകാര്യ വ്യക്തികൾ വിട്ടു നൽകുന്ന ഭൂമികളും കൂടി ഉപയോഗപ്പെടുത്തി പദ്ധതി പൂർത്തിയാക്കാമെന്ന് ഉദ്ദേശിക്കുന്നു. |

(signature)
സെക്ഷൻ ഓഫീസർ.